# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.**2525** **18/02/2016** -ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ | | **ശ്രീ.എ.പി. അനിൽകുമാർ,** (പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി എന്തെല്ലാം ക്ഷേമ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. | എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ താഴെപ്പറയുന്ന കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.<br>1. പ്രീ-മെട്രിക് തലം :- ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം അതാത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ സ്കോളർഷിപ്പ്/ ഗ്രാന്റ് തുക ഡിമാന്റ് ഡ്രാഫ്റ്റായി സ്ഥാപന മേധാവിക്കു കൈമാറുകയും സ്ഥാപനമേധാവി തുക മാറി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.<br>പോസ്റ്റ്മെട്രിക് തലം :- വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് ഇ-ഗ്രാന്റ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>2. 2014-15 അദ്ധ്യയന വർഷം മുതൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികകൾക്ക് ധനസഹായം നൽകുന്നതിനായി പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 3. IX മുതൽ XII വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി, IX , XII ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതികൾ) എന്നിവയും ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.<br><br>4. അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നതും ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യത്തിനർഹരല്ലാത്ത 2.50 ലക്ഷം രൂപ വരെ കുടുംബവാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് നൽകി വരുന്നു.<br><br>5. ഒന്നാം വർഷ എം.ബി.ബി.എസ്. കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് (2014-15) അധ്യയന വർഷം മുതൽ ധനസഹായം.<br><br>6. ബി.ടെക്, എം.ടെക്, എം.സി.എ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.<br><br>7. ഒരു ലക്ഷം രൂപയിൽത്താഴെ കുടുംബവാർഷിക വരുമാനമുള്ള എം.ബി.ബി.എസ്/ബി.ഡി.എസ്/ ബി.ടെക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ വിദ്യാഭ്യാസ ചെലവുകൾക്കുള്ള തുക അനുവദിയ്ക്കുന്നു.<br>8. വൃത്തിഹീന തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (2013-14 വർഷം മുതൽ) ഡി.ബി.റ്റി.എസ് മുഖേന നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 9. അയ്യൻകാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരം IV,VII ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ X-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് 4500/- രൂപ സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.<br>10. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ നു മുകളിൽ ഗ്രേഡ് ലഭിച്ച് +1 -ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന കോച്ചിംഗിന് (വാർഷിക കുടുംബ വരുമാന പരിധി 4.50/- ലക്ഷം രൂപ) ധനസഹായമായി 25,000/- രൂപ വീതം (2 വർഷത്തേക്ക്) അനുവദിച്ചു വരുന്നു.<br>11. എസ്.എസ്.എൽ.സി., +2, ടി.ടി.സി., ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നതവിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകി വരുന്നു.<br>12. ബുക്ക് ബാങ്ക് സ്കീം(50% CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്കു പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ട റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി വരുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് | ബി) യും<br>സി) യും | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ അവസര സമത്വം ലഭ്യമാക്കി ജീവിത നിലവാരമുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണതലത്തിൽ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ